Draft #1 of File NHM/7685/ADMIN4/2015/SPMSU Approved by State Mission Director on 30-Jan-2016 02:24 PM - Page 1

*NATIONAL HEALTH MISSION*

*General Hospital Junction,Thiruvananthapuram 695035*

*Tel fax: 91-471 2301181, 2302784*

*email: smdnrhm@gmail.com*

*Website: www.arogyakeralam.gov.in*

**NATIONAL HEALTH MISSION**

**CIRCULAR**

Circular No: NHM/7685/ADMIN4/2015/SPMSU　　Dated, Thiruvananthapuram, 30.01.2016

Sub:- ദേശീയ ആരോഗ്യ ദൗത്യം-കരാർ ജീവനക്കാർക്ക് അവാധി അനുവദിയ്ക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ -സംബന്ധിച്ച്.

Ref :- 1.സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ 26-05-2015 ലെ NRHM/4136/Admin.3/2014/SPMSU എന്ന നമ്പരിലുള്ള സർക്കുലർ

2.സ്റ്റേറ്റ് മിഷൻ ഡയറക്ടറുടെ 22-10-2015 ലെ NRHM/2200/Admin.4/2013/SPMSU എന്ന നമ്പരിലുള്ള സർക്കുലർ

ദേശീയ ആരൊഗ്യദൗത്യത്തിനു കീഴിൽ ജോലി ചെയ്യുന്ന കരാർ ജീവനക്കാർക്ക് അവധി അനുവദിയ്ക്കുന്നത് സംബന്ധിച്ച് കൂടുതൽ വ്യക്തത വരുത്തുന്നതിനായി താഴെ പ്പറയുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിയ്ക്കുന്നു .

. ഒരു വർഷത്തെ കരാർ കാലയളവിൽ,ശൂന്യ വേതന അവധി ഉൾപ്പടെ 15 ദിവസം വരെയുള്ള അവധി അനുവദിയ്ക്കുന്നതിനുള്ള അധികാരം അതതു ജില്ലാ പ്രോഗ്രാം മാനേജർമാർക്കായിരിയ്ക്കും.15 മുതൽ 30 ദിവസം വരെയുള്ള ശൂന്യ വേതന അവധി, 90 ദിവസം വരെയുള്ള പ്രസവാവധി, ഗർഭം അലസൽ , ഗർഭപാത്രം നീക്കം ചെയ്യൽ എന്നിവയ്ക്കുള്ള 45 ദിവസത്തെ ശൂന്യ വേതന അവധി എന്നിവ അതാത് വിഭാഗങ്ങളിലെ സംസ്ഥാന പ്രോഗ്രാം മാനേജർമാർ ആയിരിയ്ക്കും അനുവദിക്കുന്നത് . പ്രസവ സംബന്ധമായ കാരണങ്ങളാൽ പ്രസവാവധിയുടെ തുടർച്ചയായിട്ടോ അല്ലതെയോ എടുക്കുന്ന ശൂന്യ വേതന അവധി പരമാവതി 30 ദിവസത്തേയ്ക്ക് മാത്രം സംസ്ഥാന മിഷൻ ഡയറക്ടർ അനുവദിയ്ക്കുന്നതായിരിയ്ക്കും.31 മുതൽ 60 ദിവസം വരെയുള്ള ശൂന്യ വേതന അവധി മതിയായ കാരണമുണ്ടെന്ന് ബോധ്യപ്പെട്ടാൽ മാത്രം സംസ്ഥാന മിഷൻ ഡയറക്ടർ അനുവദിയ്ക്കുന്നതായിരിയ്ക്കും. സംസ്ഥാന മിഷൻ ഡയറക്ടർ അനുവദിയ്ക്കുന്ന മുകളിൽ പറഞ്ഞിരിയ്ക്കുന്ന അവധികൾ ഒരു പ്രാവശ്യം അനുവദിച്ച് കഴിഞ്ഞാൽ, അതിന് ശേഷം ദേശീയ ആരോഗ്യ ദൗത്യം സർവീസിൽ, കരാർ വ്യവസ്ഥയിൽ രണ്ട് വർഷം തുടർച്ചയായി സേവനമനുഷ്ഠിച്ച് കഴിഞ്ഞാൽ മാത്രമേ വീണ്ടും അനുവദിയ്ക്കുകയുള്ളൂ .

ഒരാൾക്ക് മുപ്പത് ദിവസത്തിൽ കൂടുതൽ അവധി അനുവദിയ്ക്കുകയാണെങ്കിൽ അയാൾ തിരികെ ജോലിയിൽ പ്രവേശിക്കുന്നതുവരെ സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിനായി പ്രസ്തുത ഒഴിവിൽ ദിവസ വേതനാടിസ്ഥാനത്തിൽ നിയമനം നൽകേണ്ടതാണ്. ദേശീയ ആരൊഗ്യദൗത്യം റാങ്ക് ലിസ്റ്റ് നിലവിലുള്ള

വിഭാഗം ജീവനക്കാരെ ആ റാങ്ക് ലിസ്റ്റിൽ നിന്നായിരിയ്ക്കണം നിയമിയ്ക്കേണ്ടത്.റാങ്ക് ലിസ്റ്റ് നിലവിലില്ലാത്ത വിഭാഗം ജീവനക്കാരെ നിലവിലുള്ള നിയമങ്ങൾക്കു വിധേയമായി പുറത്ത് നിന്നും ദിവസ വേതനാടിസ്ഥാനത്തിൽ നിയമിക്കാവുന്നതാണ്.

അനുവാദമില്ലാതെ ജോലിയ്ക്ക് ഹാജരാകാതിരിയ്ക്കുന്ന ജീവനക്കാരുടെ നിയമന കരാർ, ജോലിയിൽ നിന്നും വിട്ട് നിന്ന ദിവസം മുതൽ റദ്ദാക്കുന്നതാണ് .

അവധി സംബന്ധമായി നിലവിലുള്ള മറ്റ് മാർഗ്ഗ നിർദ്ദേശങ്ങളെല്ലാം അതേ പടി തുടരുന്നതാണ്

**GOKUL G.R IAS**

State Mission Director

To

എല്ലാ ജില്ലാ പ്രോഗ്രാം മാനേജർമാർക്കും

പകർപ്പ് :

സ്റ്റേറ്റ് പ്രോഗ്രാം മാനേജർ, ദേശീയ ആരോഗ്യ ദൗത്യം / ആയുഷ്

സ്റ്റേറ്റ് അഡ്മിൻ & എച്ച് .ആർ .മാനേജർ

സീനിയർ എ .എ ,ആർ .സി .എച്ച് (അഡ്മിൻ )

സീനിയർ എ .എ ,ആർ .സി .എച്ച് (ഫിൻ )

ജില്ലാ മെഡിക്കൽ ഓഫീസർമാർ (ഹോമിയോ )

ജില്ലാ മെഡിക്കൽ ഓഫീസർമാർ (ഭാ .ചി .വി )

ഫയൽ ,സ്റ്റോക്ക് ഫയൽ

Forwarded / By Order

State Admin And HR Manager

Draft #1 of File NHM/7685/ADMIN4/2015/SPMSU Approved by State Mission Director on 30-Jan-2016 02:24 PM - Page 2

may be approved

Draft #1 of File NHM/7685/ADMIN4/2015/SPMSU Approved by State Mission Director on 30-Jan-2016 02:24 PM - Page 3